മിക്ക കാര്യങ്ങളിലും അമേരിക്കയെ അനുകൂലിക്കുന്ന ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറേ ജർമനി എന്നീ രാഷ്ട്രങ്ങളും യുനെസ്കോ വിടാൻ തീരുമാനിച്ചിട്ടില്ലെന്നതു കുറച്ചൊക്കെ ആശ്വാസകരമാണ്. എന്നാലും അമേരിക്ക വിട്ടുപോകുന്നതോടെ യുനെസ്കോയുടെ പ്രയോജനവും സ്വാധീനവും വളരെ കുറയാനാണു സാദ്ധ്യത. ആ സംഘടന പിരിച്ചുവിടാൻ കാലമായെന്ന വാദവും ഉയർന്നുകൂടായ്കയില്ല.

അങ്ങനെ നോക്കുമ്പോൾ ഐക്യരാഷ്ട്രസംഘടന, ഇന്നത്തെ പരിതഃസ്ഥിതിയിൽ, നിർവഹിക്കുന്ന പ്രയോജനം എന്താണ്? നിർണായകമായ എന്തെങ്കിലും നടപടി പ്രധാനപ്പെട്ട എന്തെങ്കിലും പ്രശ്നത്തിൽ കൈക്കൊള്ളാൻ അതിനു കഴിയുന്നുണ്ടോ? യുനെസ്കോ പിരിച്ചുവിടണമെന്നു വാദിക്കുന്നവർക്ക് ഐക്യരാഷ്ട്രസംഘടന പിരിച്ചുവിടണമെന്നും വാദിച്ചുകൂടേ?

(31 ജനവരി, 1984)

## 23. മാർക്ക് കുംഭകോണം

മാർക്ക് കുംഭകോണത്തെപ്പററിയാണ് എഴുതുന്നത്. കേരള സർവകലാശാലയിലെ മാർക്ക് കുംഭകോണത്തെപ്പററിയല്ല. ആ പ്രശ്നത്തിൽ ഇപ്പോൾ ഒരു പ്രത്യേക ജഡ്ജി വിധി കല്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. ബ്രിട്ടനിലുമുണ്ട് ഒരു മാർക്ക് കുംഭകോണം. ഈ കുറിപ്പിൽ പരാമർശിക്കുന്നതു് ബ്രിട്ടനിലെ മാർക്ക് കുംഭകോണമാണ്.

കേരളത്തിലും ബ്രിട്ടനിലും 'കുംഭകോണം' ഒന്നുതന്നെ; പക്ഷേ, 'മാർക്ക്' രണ്ടാണ്. പരീക്ഷകളിൽ കുട്ടികൾ നേടുന്ന മൂല്യാങ്കമാണ് കേരളത്തിലെ മാർക്ക്. ബ്രിട്ടനിലെ മാർക്ക്, അവിടത്തെ പ്രധാനമന്ത്രി മിസ്സിസ് മാർഗരററ് താച്ചറുടെ മകൻ മാർക്ക് താച്ചർ ആകുന്നു. പ്രധാനമന്ത്രി മിസ്സിസ് താച്ചറുടെ മകൻ മാർക്കിനെ കേന്ദ്രമാക്കി ഉയർന്നുവന്നിട്ടുള്ള ഒരു ആരോപണമാണ് ബ്രിട്ടനിലെ 'മാർക്ക് കുംഭകോണം.'

'സിമെന്റേഷൻ ഇൻറർനാഷണൽ ലിമിററഡ്'എന്ന പേരിൽ ഒരു മരാമത്തു കമ്പനി ബ്രിട്ടനിലുണ്ട്. ഈ കമ്പനിയുടെ ശമ്പളം വാങ്ങുന്ന ഒരു ഉപദേഷ്ടാവാണ് പ്രധാനമന്ത്രിയുടെ മകൻ മാർക്ക് താച്ചർ. 1981 ഏപ്രിൽ മാസത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരററ് താച്ചർ പേർഷ്യൻ ഗൾഫിലുള്ള ഒമാനിൽ ഒരു ഔദ്യോഗിക സന്ദർശനം നടത്തി. അമ്മയോടൊപ്പം മകൻ മാർക്കും ഒമാനിൽ പോയിരുന്നു. ഈ സന്ദർശനത്തെത്തുടർന്ന്, ഒമാനിൽ നാല്പത്തഞ്ചു കോടി ഡോളർ (നാനൂററമ്പതു കോടി രൂപ) ചെലവു മതിക്കപ്പെട്ട ഒരു നിർമാണപ്രവർത്തനം നടത്തുന്നതിനുള്ള കരാർ 'സിമെന്റേഷൻ ഇൻറർനാഷണൽ' കമ്പനിക്കു ലഭിച്ചു. ഈ കോൺട്രാക്ററ് നേടിക്കൊടുക്കുന്നതിനു കമ്മീഷനായി നല്ല ഒരു തുക മാർക്ക് താച്ചർക്കു കമ്പനി കൊടുത്തു. ഈ തുക മാർക്ക് താച്ചറുടെയും, മാർക്കിന്റെ അച്ഛനും പ്രധാനമന്ത്രിയുടെ ഭർത്താവുമായ ഡെനിസ് താച്ചറുടെയും കൂട്ടുകണക്കിൽ ബാങ്കിൽ നിക്ഷേപിക്കപ്പെട്ടു.

തന്റെ മകന് അവിഹിതമായ ആദായമുണ്ടാക്കിക്കൊടുക്കുവാൻ പ്രധാനമന്ത്രി താച്ചർ ഒമാനിലുള്ള ഔദ്യോഗികസന്ദർശനത്തെ ദുരുപയോഗപ്പെടുത്തിയെന്ന ആരോപണം, കഴിഞ്ഞ ജനവരിമാസത്തിൽ ബ്രിട്ടീഷ് പത്രങ്ങളിൽ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചുതുടങ്ങി. സാധാരണനിലയിൽ ഒരു ബ്രിട്ടീഷ് കമ്പനിക്കു കോൺട്രാക്ററ് കിട്ടു

ന്നതിന് ബ്രിട്ടീഷ് പ്രധാനമന്ത്രി തന്റെ സ്വാധീനം ഉപയോഗിക്കുന്നതിൽ ഒരു തെററും ബ്രിട്ടീഷുകാർ കാണുന്നില്ല. തന്റെ മകന് അതുമൂലം ലാഭമുണ്ടാകുമെന്ന് പ്രധാനമന്ത്രി മുൻകൂട്ടി അറിഞ്ഞിരുന്നുവോ എന്നതു മാത്രമാണ് ഇവിടെ തർക്കവിഷയം.

ഇക്കാര്യത്തിൽ നേരെ ചൊവ്വെ ഒരു മറുപടി പറയാൻ പ്രധാനമന്ത്രി മാർഗരററ് താച്ചർ തയ്യാറാവാതിരുന്നതു പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കി. 'ഇരുമ്പു വനിത' (അയേൺ ലേഡി) എന്ന ബഹുമതിപ്പേരാണ് തങ്ങളുടെ പ്രധാനമന്ത്രിക്ക് ബ്രിട്ടീഷ് പൊതുജനങ്ങൾ നൽകിയതു്. മാർഗരററ് താച്ചറെ പ്രധാനമന്ത്രിപദത്തിലേക്കുയർത്തിയ സ്വഭാവസവിശേഷതകൾ, അവരുടെ കൂസലില്ലായ്മയും നിശ്ചയദാർഢ്യവും, ഇപ്പോൾ ശാഠ്യമെന്നും, സത്യം മൂടിവെക്കുന്ന കാപട്യമെന്നും വിവരിക്കപ്പെട്ടുതുടങ്ങി. 'ബ്രിട്ടീഷ് പ്രധാനമന്ത്രിപദത്തെ മാർഗരററ് താച്ചർ സ്വന്തം കുടുംബത്തിന്റെ വൃത്തികെട്ട, പണംപിടിച്ച, ചൂതുകളിക്കടയാക്കി മാററിയിരിക്കുന്നു' എന്ന് ഒരു പ്രതിപക്ഷ പാർലമെൻറംഗം ആരോപിച്ചു. ഒമാനിൽ എന്തു നടന്നു എന്നു വിവരിക്കണമെന്ന് പാർലമെൻറംഗങ്ങളും പത്രങ്ങളും പ്രധാനമന്ത്രി താച്ചറെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. 'എന്റെ വ്യാപാരകാര്യങ്ങൾ തികച്ചും എന്റെ സ്വകാര്യങ്ങളാണ്. അവയെപ്പററി ആക്ഷേപം ഉന്നയിക്കുന്നവർ ഒന്നുകിൽ തെളിവുകൾ ഹാജരാക്കണം; അല്ലെങ്കിൽ വായ് അടയ്ക്കണം' എന്നാണത്രേ പ്രധാനമന്ത്രിയുടെ ഭർത്താവ്, മാർക്കിന്റെ അച്ഛൻ, ഡെനിസ് താച്ചർ പറഞ്ഞതു്'. ഡെനിസിന്റെ ഭാര്യയും മാർക്കിന്റെ അമ്മയുമായ പ്രധാനമന്ത്രി താച്ചർ ആകട്ടെ ഒന്നും മിണ്ടുന്നുമില്ല. ഈ 'അനങ്ങാപ്പാറ' നയം—ബ്രിട്ടീഷുകാർ ഇതിനെ വിളിക്കുന്നതു് 'കല്ലുമതിൽ കെട്ടി അടയ്ക്കൽ' എന്നാണ്—പ്രധാനമന്ത്രിയുടെ സ്വഭാവശുദ്ധിയിൽ പരക്കേ സംശയം ബ്രിട്ടനിൽ ഉളവാക്കിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെയും, അവരുടെ പാർട്ടിയായ യാഥാസ്ഥിതിക കക്ഷിയുടെയും ജനപ്രീതി, എതിർകക്ഷിയായ തൊഴിലാളികക്ഷിയുടേതിനെക്കാൾ മൂന്നു ശതമാനം ഈയിടെ കുറഞ്ഞിട്ടുണ്ടത്രേ.

'ഓ, ഇതാണോ വലിയൊരു കുംഭകോണം?' നിങ്ങൾ ചോദിച്ചേക്കാം. 'തർക്കവിഷയമായ തന്റെ ബോംബേയാത്രയെപ്പററി കേരള മുഖ്യമന്ത്രി ശ്രീ കരുണാകരൻ കൈക്കൊണ്ട നിലപാടിനെ അപേക്ഷിച്ച് എത്ര സൗമ്യവും പ്രതിപക്ഷബഹുമാനം സൂചിപ്പിക്കുന്നതുമാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി ഇക്കാര്യത്തിലെടുത്ത നിലപാട്! സ്വകാര്യ ഇടപാടുകൾക്കായി കേരളത്തിലെ എത്ര മന്ത്രിമാർ ഈയിടെ ഗൾഫ് രാജ്യങ്ങളിൽ കറങ്ങിനടന്നു? എന്നിട്ടെന്തായി? ഇവിടെ ഏതെങ്കിലും പട്ടി കുരച്ചുവോ? ജനാധിപത്യത്തിൽ, കഴുതകളായ പൊതുജനങ്ങളോടു മന്ത്രിമാർ എങ്ങനെ പെരുമാറണമെന്നും, തങ്ങൾക്കു കൈവന്ന അസുലഭാവസരം ഉപയോഗപ്പെടുത്തി ബിനാമിയായും സ്വന്തം പേരിലും എങ്ങനെ നാലു കാശുണ്ടാക്കണമെന്നും ബ്രിട്ടീഷുകാർ ഇവിടെ വന്നു പഠിക്കട്ടെ. ഇതിനായി ശ്രീമതി മാർഗരററ് താച്ചർ നാലാഴ്ച ലീവെടുത്തു് കോവളത്തു വന്നു പാർക്കട്ടെ' എന്നൊക്കെയായിരിക്കും നിങ്ങളുടെ പ്രതികരണം. എങ്കിൽ, 'വാഴക്കുല'യുടെ അവസാനത്തിൽ ചങ്ങമ്പുഴ പറഞ്ഞപോലെ, 'ഞാൻ പിൻവലിച്ചു.' ഇതിനു മുകളിൽ എഴുതിയതെല്ലാം വെട്ടിക്കളഞ്ഞതായി കരുതിക്കൊള്ളൂ.

(15 ഏപ്രിൽ, 1984)